**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 609** **11-06-2024 - ൽ മറുപടിയ്ക്ക്**

**കാമ്പസ് വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും കണ്ടുപിടിക്കപ്പെടുന്ന നൂതന ആശയങ്ങൾ വിപണന സാധ്യതയുള്ള ഉല്പന്നങ്ങളാക്കുവാൻ പദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്;<br><br>നൂതന ആശയങ്ങൾ അടിസ്ഥാനമായ ഗവേഷണ ഫലങ്ങളെ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ ആക്കുവാൻ വേണ്ടി സർക്കാർ ആവിഷ്കരിച്ച പദ്ധതി ആണ് "റിസർച് ഇന്നവേഷൻ നെറ്റ്വർക്ക്-കേരള' അഥവാ "RINK'. ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുമുള്ള സാങ്കേതിക വിദ്യാ കൈമാറ്റം, ഗവേഷകരിൽ നിന്നും പുതിയ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ എന്നിവ പ്രസ്തുത പദ്ധതി വഴി നടന്നു വരുന്നു. |
| (ബി) | വലിയ വ്യവസായ സംരംഭങ്ങൾക്ക് ഭൂമിസാദ്ധ്യതയില്ലാത്ത ഇടമെന്ന പരിമിതി അതിജീവിക്കുവാൻ അനുയോജ്യമായതും വിജ്ഞാനാധിഷ്ഠിതവുമായ വ്യവസായങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്;<br><br>സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യാവസായിക വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുക എന്നിവ ലക്ഷ്യമിട്ടും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>കുറഞ്ഞത് പത്ത് ഏക്കർ സ്ഥലമുള്ള സ്ഥാപനം (Companies, Co.operatives, charitable socities, partnerships, consortium of MSMEs), കുടുംബം എന്നിവയ്ക്ക് സ്വകാര്യവ്യവസായ എസ്റ്റേറ്റിനും, കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലമുള്ളവർക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനും അപേക്ഷിക്കാവുന്നതാണ്. SDF സ്ഥാപിക്കുന്നതിന് സ്ഥാപനം, കുടുംബം എന്നിവയ്ക്ക് പുറമെ വ്യക്തികൾക്കും കൂടി അപേക്ഷിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | സ്വന്തമായി സ്ഥലം ഉള്ളവർക്കും, 30 വർഷമോ അതിൽ അധികമോ കാലാവധിയുള്ള ലീസിനെടുത്ത ഭൂമി ഉള്ളവർക്കും ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്.<br><br>വ്യാവസായിക ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള, ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.<br><br>കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ മുതലായവ), ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. 30 വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക.<br><br>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്. |
| (സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ഭൂമി ഉറപ്പാക്കിയതിനുശേഷം ലഭിക്കുന്ന അധിക ഭൂമിയിൽ കാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്;<br><br>സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യാവസായിക വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുക എന്നിവ ലക്ഷ്യമിട്ടും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | കുറഞ്ഞത് പത്ത് ഏക്കർ സ്ഥലമുള്ള സ്ഥാപനം (Companies, Co.operatives, charitable socities, partnerships, consortium of MSMEs), കുടുംബം എന്നിവയ്ക്ക് സ്വകാര്യവ്യവസായ എസ്റ്റേറ്റിനും, കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലമുള്ളവർക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനും അപേക്ഷിക്കാവുന്നതാണ്. SDF സ്ഥാപിക്കുന്നതിന് സ്ഥാപനം, കുടുംബം എന്നിവയ്ക്ക് പുറമെ വ്യക്തികൾക്കും കൂടി അപേക്ഷിക്കാവുന്നതാണ്. സ്വന്തമായി സ്ഥലം ഉള്ളവർക്കും, 30 വർഷമോ അതിൽ അധികമോ കാലാവധിയുള്ള ലീസിനെടുത്ത ഭൂമി ഉള്ളവർക്കും ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്.<br><br>വ്യാവസായിക ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള, ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.<br><br>കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ മുതലായവ), ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. 30 വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക.<br><br>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്. |
| (ഡി) | വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനും വ്യവസായ-അക്കാദമിക് ബന്ധം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്;<br><br>കേരളത്തിലുടനീളമുള്ള സാങ്കേതിക, ആർട്ട്സ്, സയൻസ്, മെഡിക്കൽ, പോളിടെക്നിക്, ഐ ടി ഐ തുടങ്ങിയ 481 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഇതിനോടകം ഇന്നവേഷൻ & എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ സംരംഭകത്വ അഭിരുചി വർദ്ധിപ്പിക്കുന്നതിനും സംരംഭം ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുമാണ് നടത്തി വരുന്നത്. സംരംഭക താത്പര്യമുള്ള വിദ്യാർത്ഥികളുടെ ഏഷ്യയിലെ ഏറ്റവും വലിയ വാർഷിക സംഗമമായ ഇന്നവേഷൻ & എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്റർ (IEDC) സമ്മിറ്റുകളും കേരള സ്റ്റാർട്ടപ് മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ